# സ്കൂൾ

# അക്കാദമികമാസ്റ്റർ പ്ലാൻ

# 2025-26

ഗവ. എൽ. പി. എസ്

വാറ്റുകുന്ന്

38514

## റാന്നി ഉപജില്ല

## പത്തനംതിട്ട ജില്ല

# ആമുഖം

സമഗ്ര ഗുണമേന്മ വിദ്യാഭ്യാസ പദ്ധതിയുടെ ഭാഗമായി വിദ്യാലയത്തിലെ മുഴുവൻ വിദ്യാർത്ഥികൾക്കും തുല്യതയിൽ ഊന്നിയുള്ള ഗുണമേന്മ വിദ്യാഭ്യാസം ഉറപ്പാക്കുക, ഭിന്നശേഷി കുട്ടികളെയും ഉൾക്കൊള്ളിച്ച് കൊണ്ടുള്ള പഠനപ്രവർത്തനങ്ങൾ തുടങ്ങിയ വിവിധ കാര്യങ്ങളാണ് അക്കാദമിക മാസ്റ്റർ പ്ലാനിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. പഠനപ്രക്രിയയിലൂടെ കാര്യക്ഷമത വർദ്ധിപ്പി-ക്കാൻ ശ്രമിക്കുന്നത് മൂലം അക്കാദമികപ്രവർ-ത്തനങ്ങൾ ലഘുവാക്കാൻ സാധിക്കും. അതോടൊപ്പം സാങ്കേതിക സൗഹൃദ വിദ്യാഭ്യാസ രീതിയ്ക്ക് അനുയോജ്യമായ വിവിധത്തിലുള്ള പഠനപ്രവർത്തനങ്ങളും ഉൾപ്പെടുത്തിയിട്ടുണ്ട്. സാമൂഹിക പങ്കാളിത്തവും വിവിധ ഏജൻസികളുടെ പങ്കാളിത്തവും സമഗ്ര ഗുണമേന്മ വിദ്യാഭ്യാസത്തിന്

പ്രാധാന്യം കൊടുക്കുന്നു. മികച്ച പഠനാന്തരീക്ഷം ഉറപ്പാക്കുന്നതിനായി മികച്ച ഭൗതികസാഹചര്യവും അനിവാര്യമാണ്. അക്കാദമിക പിന്നോക്കാവസ്ഥ തിരിച്ചറിഞ്ഞ് പദ്ധതികൾ ആവിഷ്കരിക്കുന്നതിന് ഉതകുന്ന വിവിധ സമിതികൾ രൂപീകരിക്കാനും കുട്ടികളുടെ മാനസികാരോഗ്യം പരിപാലിക്കുന്നതിന് ഉതകുന്ന രീതിയിലുള്ളതാവണം വിദ്യാലയപ്രവർത്തനങ്ങൾ. കൃത്യമായ എസ്.ആർ.ജി പൊതുയോഗങ്ങളും ആക്ഷൻപ്ലാനുകളും കുട്ടികളുടെ കഴിവുകൾ വിലയിരുത്തുന്നതിന് സഹായകമാണ്.

# അടിസ്ഥാനവിവരങ്ങൾ

സ്കൂളിന്റെ പേര് -: ഗവ. എൽ. പി. സ്കൂൾ വാറ്റുകുന്ന്

സ്കൂൾ കോഡ് -: 38514

UDISE CODE -: 32120805305

വിദ്യാഭ്യാസ ഉപജില്ല -: റാന്നി

വിദ്യാഭ്യാസ ജില്ല -: പത്തനംതിട്ട

റവന്യൂ ജില്ല -: പത്തനംതിട്ട

ബി. ആർ. സി -: റാന്നി

സി. ആർ. സി -: ഗവ. എൽ. പി. എസ് കുന്നം

ഗ്രാമപഞ്ചായത്ത് -: വെച്ചൂച്ചിറ

ബ്ലോക്ക് -: റാന്നി

താലൂക്ക് -: റാന്നി

വില്ലേജ് -: കൊല്ലമുള

ഇ-മെയിൽ -: glpvattukunnu@gmail.com

# പൊതു ലക്ഷ്യങ്ങൾ

- സാമൂഹിക നീതിക്കുവേണ്ടിയുള്ള വിദ്യാഭ്യാസം രൂപപ്പെടുത്തുക
- സമഗ്രവും സുസ്ഥിരവികസനോന്മുഖവുമായ വിദ്യാഭ്യാസം ഉറപ്പുവരുത്തുക
- ജ്ഞാന സമൂഹസൃഷ്ടിയ്ക്കുള്ള വിദ്യാഭ്യാസം ഉറപ്പുവരുത്തുക
- സാമൂഹ്യനീതിയിൽ അടിയുറച്ചതും എല്ലാവരെയും ഉൾക്കൊള്ളുന്നതുമായ വിദ്യാഭ്യാസ സമീപനം കാഴ്ച വെയ്ക്കുക.
- സമഗ്ര വികാസം ലക്ഷ്യം വെക്കുന്ന വിദ്യാഭ്യാസം. ഇതിലൂടെ ശാരീരികവും നൈതികവുമായ വികാസത്തിന് പ്രാധാന്യം നൽകും
- ദേശീയ ബോധവും ഉത്തരവാദിത്വമുള്ളതും പൗരബോധം വളർത്തുന്ന തരത്തിലുള്ള വിദ്യാഭ്യാസ സമീപനം
- ശാസ്ത്രബോധം വളർത്തുന്നതിനുള്ള വിദ്യാഭ്യാസം

- സാങ്കേതികവിദ്യ അവബോധം സാധ്യമാകുന്ന ക്ലാസ്സ്റൂം പ്രവർത്തനങ്ങൾ ഉണ്ടാക്കുക.

- തൊഴിൽ നൈപുണിയും സ്വാശ്രയത്വവും വളർത്തുന്ന തരത്തിലുള്ള വിദ്യാഭ്യാസം

- പരിസ്ഥിതി അവബോധം വളർത്തുന്നതിന് ഉതകുന്ന തരത്തിലുള്ള വിദ്യാഭ്യാസം

# പരിമിതികൾ

ഗുണമേന്മ വിദ്യാഭ്യാസം ഉറപ്പുവരുത്തി മിക്ക പ്രവർത്തനങ്ങൾ നടത്തി വരുന്നുവെങ്കിലും ചില കുട്ടികൾക്ക് ഭാഷാപരമായതും ഗണിതശേഷികൾ പ്രയോഗിക്കുന്നതിലും പ്രയാസം അനുഭവപ്പെടുന്നുണ്ട്. പഠന പിന്തുണ കൂടുതൽ ആവശ്യമുള്ള കുട്ടികളെ ഉൾപ്പെടുത്തി മുന്നോട്ട് പോകുമ്പോൾ മുന്നോക്കക്കാരായ കുട്ടികൾക്ക് പ്രയാസം ഉണ്ടാകാറുണ്ട്.

# പ്രവർത്തനങ്ങൾ

## ഇംഗ്ലീഷ്

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല |
|---|---|---|---|
| എല്ലാ കുട്ടികൾക്കും നന്നായി വായിക്കാനും എഴുതാനുമുള്ള ശേഷി വികസനം | • Speak Speak<br>ക്ലാസ്റൂമിലും പുറത്തും സ്വതന്ത്രമായി ഇംഗ്ലീഷ് സംസാരിക്കാൻ അവസരം നൽകുന്നു. | വർഷം മുഴുവൻ | |
| | • ഇംഗ്ലീഷ് പത്രവായന | ആഴ്ചയിലൊന്ന് | |
| | • ആഴ്ചയിലൊരു ദിവസം ഇംഗ്ലീഷ് അസംബ്ലി. | | |
| | • സ്കൂളിലൊരു പോസ്റ്റ് ഓഫീസ് ക്രമീകരിച്ച് കുട്ടികൾക്ക് തങ്ങളുടെ സുഹൃത്തിന് ഇംഗ്ലീഷിൽ കത്തെഴുതാനും മറുപടി എഴുതാനും അവസരം നൽകുന്നു. | വർഷം മുഴുവൻ | |

| | | | |
|---|---|---|---|
| ഇംഗ്ലീഷ് ഭാഷയിൽ സർഗ്ഗാത്മക ശേഷി വികസനം | • ഇംഗ്ലീഷ് കഥാരചന, വിവരണം, സംഭാഷണം എന്നിവയുടെ സ്വതന്ത്ര രചനയും പ്രദർശനവും | | |
| | • പാഠഭാഗങ്ങളിലെ വിവിധ വ്യവഹാരരൂപങ്ങൾ ഫലപ്രദമായി വിനിയോഗിക്കുന്നു. | വർഷം മുഴുവൻ | |
| വായനപരി-പോഷണം | സ്കൂൾ ലൈബ്രറിയിലെ ഇംഗ്ലീഷ് പ്രസിദ്ധീകരണങ്ങൾ ഫലപ്രദമായി ഉപയോഗിക്കൽ - വായന | വർഷം മുഴുവൻ | |
| | • ചെറുകഥകൾ വായിച്ച് അവതരിപ്പിക്കൽ | August September | |
| | • English Stories, Rhymes എന്നിവ കേട്ട് ആസ്വദിക്കൽ | June, July | |

"മലയാളം"

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല |
|---|---|---|---|
| എല്ലാ കുട്ടികൾക്കും മലയാളം അനായാസം എഴുതാനും വായിക്കാനുമുള്ള ശേഷിവികാസം | • അക്ഷരം ഉറപ്പിക്കൽ<br>• ചിഹ്നം ഉറപ്പിക്കൽ<br>• പദനിർമ്മാണം<br>• വാക്യനിർമ്മാണം<br>• ഭാഷാപരമായി പിന്നോക്കം നിൽക്കുന്ന കുട്ടികൾക്ക് പ്രത്യേക പരിശീലനം (ശ്രദ്ധ, മലയാളത്തിളക്കം | | |
| എല്ലാ കുട്ടികളിലും സ്വതന്ത്രവായന കാരങ്ങക. | • പത്രവായന<br>• ക്ലാസ് വായനാക്കൂട്ടം<br>• നിലവാരത്തിനനുസരിച്ച് പുസ്തക വിതരണം<br>• വായനാസാമഗ്രികൾ വായിച്ച് കുറിപ്പ് തയ്യാറാക്കൽ<br>• വായനോത്സവം<br>• വായനാമത്സരം<br>• അമ്മ വായന | | |

| | | | |
|---|---|---|---|
| • സർഗ്ഗശേഷി വികസനം | • വിവിധതരത്തിലുള്ള വ്യവഹാരരൂപങ്ങളുടെ ഫലപ്രദമായ ഉപയോഗം<br>• കവിതാരചന<br>• കഥാരചന<br>• പുസ്തകചർച്ച<br>• മലയാളത്തിന്റെ സാഹിത്യകാരൻമാരുടെ ജൻമദിനങ്ങൾ ആചരിക്കൽ പ്രാധാന്യം മനസ്സിലാക്കൽ | വർഷം മുഴുവൻ | |

# ഗണിതം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല |
|---|---|---|---|
| ഗണിതപഠന പ്രവർത്തനങ്ങൾ ലളിതമാക്കൽ | • ഗണിതാശയങ്ങൾ ഉറപ്പിക്കുന്നതിന് ഉതകുന്ന തരത്തിലുള്ള ഗണിത മൂല ഒരുക്കൽ | ജൂൺ | |
| ഗണിതത്തിലെ അടിസ്ഥാന ആശയങ്ങൾ ഉറപ്പിക്കൽ | • ഉല്ലാസഗണിതം, ഗണിത വിജയം പ്രവർത്തനങ്ങൾ ഫലപ്രദമായി വിനിയോഗിക്കുന്നു. | വർഷം മുഴുവൻ | |
| | • ചതുഷ്ക്രിയകൾ ഉറപ്പിക്കുന്ന തരത്തിലുള്ള വിവിധതരത്തിലുള്ള വർക്ക്ഷീറ്റുകൾ തയ്യാറാക്കൽ, വിനിയോഗിക്കൽ | ജൂലൈ | |

# പരിസരപഠനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല |
|---|---|---|---|
| ശാസ്ത്രാവബോധം വളർത്തൽ | • ലഘുപരീക്ഷണങ്ങൾ കണ്ടെത്തുന്നു. അവതരിപ്പിക്കുന്നു കുറിപ്പ് തയ്യാറാക്കുന്നു | വർഷം മുഴുവൻ | |
| ശാസ്ത്രപരീക്ഷണങ്ങളിൽ താല്പര്യം ജനിപ്പിക്കൽ | • ശാസ്ത്രപ്രതിഭകളെ അടുത്തറിയൽ<br>• ലഘുപരീക്ഷണം - സ്കൂളിലും വീട്ടിലും | ആഴ്ചയിൽ ഒന്ന് | |